LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിത അദ്ധ്യാപകർ

81 (1136) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആകെ എത്ര സംരക്ഷിത അദ്ധ്യാപകർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കും വർഷവും വ്യക്തമാക്കാമോ ?

ഉത്തരം

2010-11-ലെ തസ്തിക നിർണ്ണയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 2939 പ്രോട്ടക്ടഡ് അദ്ധ്യാപകരാണുള്ളത്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ 1-10-2011-ലെ സ.ഉ.(പി) നമ്പർ 199/11/പൊ.വി.വ.-ന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

പയിന്തു ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ ആക്കി ഉയർത്താനുള്ള നടപടി

82 (1137) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ മണ്ഡലത്തിലെ കുരുവട്ടൂർ പഞ്ചായത്തിലെ പയിന്തു ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ ആക്കി ഉയർത്താനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപടി എടുത്തിട്ടില്ല.

(ബി) ഇല്ല.

കോതമംഗലം, മാമലക്കണ്ടം ഗവൺമെന്റ് യു .പി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

83 (1138) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം, മാമലക്കണ്ടം ഗവൺമെന്റ് യു .പി. സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ആദിവാസികളും പിന്നോക്ക ജനവിഭാഗങ്ങളും അധിവസിക്കുന്ന ഈ മേഖലയുടെ പ്രത്യേകത പരിഗണിച്ച് ഇവിടെ സ്ഥിരം അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്ഥിരാദ്ധ്യാപകർ വരുന്നത് വരെ അദ്ധ്യയനം നടത്താൻ താല്കാലിക അദ്ധ്യാപകരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 5-5-2014-ലെ സ.ഉ.(കൈ) 73/2014/പൊ.വി. ഉത്തരവ് പ്രകാരം മാമലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാമലക്കണ്ടം ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) താത്ക്കാലികമായി തസ്തികയില്ലാതെ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. കെ. കെ. അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ

84 (1139) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായിരുന്ന ശ്രീ കെ. കെ. അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പിരിച്ചുവിട്ടതും തുടർന്ന സ്കൂൾ മാനേജരുടെ പീഡനവുമാണ് ആത്മഹത്യയിലേക്ക് നയിച്ചത് എന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ അന്വേഷണം നടത്തുകയുണ്ടായോ ;

(സി അദ്ധ്യാപകനെ ആദ്യം സസ്പെന്റ് ചെയ്യുകയും പിന്നീട് പുറത്താക്കുകയും ചെയ്ത മാനേജരുടെ നടപടിക്ക് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകാരം നൽകിയത് സംബന്ധിച്ച് അദ്ധ്യാപകൻ സമർപ്പിച്ച അപ്പീൽ പരിശോധിക്കുകയുണ്ടായോ ; ഇതിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) അദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതിന് ആധാരമായ പരാതിയും വുണ്ട് സർട്ടിഫിക്കറ്റും വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണത്തിന് തയ്യാറാകുമോ ;

(ഇ) അദ്ധ്യാപകർക്കുമേൽ അച്ചടക്ക നടപടിയെടുക്കാനുള്ള മാനേജരുടെ അധികാരം ദുരുപയോഗം ചെയ്യുന്നതും അതിന് വിദ്യാഭ്യാസ വകുപ്പ് മേലധികാരികൾ വേണ്ടത്ര പരിശോധന നടത്താതെ അംഗീകാരം നൽകുന്നതും സംബന്ധിച്ച് നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly